# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2422 — 12.06.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്.

### കൈത്തറി മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി മേഖലയെ പരിപോഷിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുന:രുജ്ജീവിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറിയുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്ന പദ്ധതി, നെയ്ത്തുകാർക്കും മറ്റു അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹനസഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, റിബേറ്റ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.<br><br>ഈ പദ്ധതികൾക്ക് പുറമേ പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ പുന:രുജ്ജീവിപ്പിക്കുവാൻ വേണ്ടി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 2 ജോടി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പുതിയൊരു പദ്ധതി കൂടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷത്തിൽ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ ഏകദേശം 4.40 ലക്ഷം |

കുട്ടികൾക്ക് രണ്ട് ജോഡി കൈത്തറി യൂണിഫോം തുണി വിതരണം ചെയ്തു. 2018 മേയ് മാസത്തോടെ 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും കൈത്തറി യൂണിഫോം തുണി എത്തിക്കുവാൻ സാധിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും അവരുടെ വേതനം വർദ്ധിപ്പിക്കുവാനും സാധിച്ചു.

(ബി) വ്യവസായ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് എത്ര കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ എണ്ണം, ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ജില്ല | സംഘങ്ങളുടെ എണ്ണം |
|---|---:|
| തിരുവനന്തപുരം | 252 |
| കൊല്ലം | 27 |
| ആലപ്പുഴ | 4 |
| ഇടുക്കി | 1 |
| കോട്ടയം | 4 |
| എറണാകുളം | 13 |
| തൃശ്ശൂർ | 12 |
| പാലക്കാട് | 13 |
| കോഴിക്കോട് | 29 |
| കണ്ണൂർ | 34 |
| വയനാട് | 1 |
| കാസർഗോഡ് | 7 |

(സി) പാലക്കാട് ജില്ലയിൽ പ്രവർത്തനക്ഷമമായ എത്ര കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ഉണ്ട്; താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ പ്രവർത്തനക്ഷമമായ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളുടെ, താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| താലൂക്ക് | സംഘങ്ങളുടെ എണ്ണം |
| --- | --- |
| ഒറ്റപ്പാലം | 3 |
| പാലക്കാട് | 3 |
| ചിറ്റൂർ | 7 |
| മണ്ണാർക്കാട് | 0 |
| ആലത്തൂർ | 0 |
| **ആകെ** | **13** |

ഒറ്റപ്പാലം താലൂക്ക്

1)പാലപ്പുറം നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് നം.എഫ്.1604.

2)പഴമ്പാലക്കോട് നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് നം.എഫ്.1537.

3)കരുമാനാംകുറിശ്ശി നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് നം. എഫ്.എച്ച്.175.

പാലക്കാട് താലൂക്ക്

1)എലപ്പുള്ളി നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് നം. എഫ്.1019.

2)മാറലാട് നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് നം.എഫ്.1623.

3)കൊടുമ്പ് നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് നം.എഫ്.എച്ച്.1313.

ചിറ്റൂർ താലൂക്ക്

1)വടക്കത്തറ & കടമ്പിടി കൈത്തറി നെയ്ത്ത് സഹകരണ സംഘം

2)ചിറ്റൂർ നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് നം.പി.എച്ച്.5.

3)ദേവാംഗപുരം നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് നം.562.

4)നീലിക്കോട് നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് നം.487.

5)കൊല്ലങ്കോട് (എസ്.സി) കൈത്തറി നെയ്ത്ത് സഹകരണ സംഘം

6)കൊല്ലങ്കോട് കൈത്തറി നെയ്ത്ത് സഹകരണ സംഘം.

7)കിഴക്കേത്തറ കൈത്തറി നെയ്ത്ത് സഹകരണ സംഘം.

(ഡി) പ്രവർത്തനക്ഷമമല്ലാത്ത കൈത്തറി നെയ്ത്തു സഹകരണസംഘങ്ങൾ പാലക്കാട് ജില്ലയിൽ എത്രയുണ്ടെന്ന് താലൂക്കടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) പാലക്കാട് ജില്ലയിലെ പ്രവർത്തനക്ഷമമല്ലാത്ത കൈത്തറി നെയ്ത്തു സഹകരണസംഘങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പാലക്കാട് കൈത്തറി സർക്കിൾ | 7 |
| ഒറ്റപ്പാലം കൈത്തറി സർക്കിൾ | 3 |
| ചിറ്റൂർ കൈത്തറി സർക്കിൾ | 6 |

(ഇ) പ്രവർത്തനക്ഷമമല്ലാത്ത കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

(ഇ) നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത തറികൾ കാഡ്കോ മുഖേന അറ്റകുറ്റപ്പണികൾ ചെയ്തു തീർക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൈത്തറി സംഘങ്ങൾക്ക് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയും വിപണനരംഗത്ത് സഹായവുമായി ഹാന്റക്സ്/ഹാൻവീവ് എന്നീ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**